പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# കേന്ദ്രസർക്കാരിന്റെ സാമൂഹിക-സാമ്പത്തിക -ജാതി സെൻസസ്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 299

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. |
|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. അജിത്<br>,, ഇ.കെ. വിജയൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | ഗ്രാമവികസന വകുപ്പു മുഖേന യുള്ള കേന്ദ്ര സർക്കാരിന്റെ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിന്റെ കരട് പ്രസിദ്ധീകരി ച്ചിട്ടുണ്ടോ; ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി എന്നാണ്; | സംസ്ഥാനത്ത് നടന്നു വരുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള കരട് ലിസ്റ്റ് 2014 മേയ് 19 ന് പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2014 ജൂൺ മാസം 30 ാം തീയതി വരെയാണ്. |
| (ബി) | ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ; | കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറി അപേക്ഷകൾ സ്വീകരിച്ച് പരാതിയിന്മേലുള്ള ഹിയറിംഗ് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകുന്നതാണ്. ഗ്രാമതലത്തിലുള്ള അപേക്ഷകളിന്മേൽ ഹിയറിംഗ് നടത്തുന്നത് ബന്ധപ്പെട്ട ബ്ലോക്ക് ഡവലപ് മെന്റ് ആഫീസർമാരാണ്. ഒരു അപേക്ഷ കൈപ്പറ്റി ഏഴ് ദിവസത്തിനകം ഹിയറിംഗ് നടത്തി തീരുമാനമാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ബ്ലോക്ക് തലത്തിലെ പ്രാഥമിക തീരുമാനത്തിൽ തൃപ്തരാകാത്തവർക്ക് ജില്ലാ തലത്തിൽ അപ്പീൽ നൽകുന്നതിന് അവസരം നൽകിയിട്ടുണ്ട്. പ്രാഥമിക തലത്തിലെ തീർപ്പ് തീയതി മുതൽ ഏഴ് ദിവസത്തിനകം ജില്ലാ അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപ്പീൽ നൽകേണ്ടതാണ്. ജില്ലാ ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാരെയാണ് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള |

| | | | |
|---|---|---|---|
| | | | അപ്പീലുകൾ പരിശോധിക്കുന്നതിനുള്ള അപ്പലേറ്റ് അതോറിറ്റിയായി തീരുമാനിച്ചിട്ടുള്ളത്.<br>മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓരോ വാർഡിലും വാർഡ് തല ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഹിയറിംഗ് നടത്തുന്നതിനായി മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാ തല അപ്പലേറ്റ് അതോറിറ്റിയായി ജില്ലാ കളക്ടറെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരട് ലിസ്റ്റ് പ്രസിദ്ധീകരണം സംബന്ധിച്ച വാർത്തകൾ പ്രമുഖ ദിനപ്പത്രങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കരട് ലിസ്റ്റ് പരിശോധനയ്ക്ക് മാത്രമായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമസഭയിൽ ഉയർന്നു വരുന്ന ആക്ഷേപങ്ങളും പരാതികളും ക്രോഡീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറാനും, ഗ്രാമസഭാ തീരുമാനപ്രകാരമുള്ള തിരുത്തലുകൾ നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ലിസ്റ്റ് പ്രസിദ്ധീകരണ തീയതി മുതൽ 10 ദിവസത്തിനകം ഗ്രാമ സഭകൾ കൂടിയിരിക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് പരിശോധിക്കാനും കുടുംബങ്ങൾക്ക് ആക്ഷേപങ്ങൾ നൽകുന്നതിനും കൂടുതൽ സമയം വേണ്ടിയിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഗ്രാമസഭ കൂടുന്നത് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 40 ദിവസത്തിനുള്ളിൽ ആയാൽ മതിയെന്നും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഗ്രാമപഞ്ചായത്തുകൾ മുഖേനയുള്ള പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | കരട് ലിസ്റ്റിന്റെ പ്രിന്റ് ചെയ്ത കോപ്പികൾ പരിശോധനയ്ക്ക് പ്രസിദ്ധീകരണ തീയതിയിൽ തന്നെ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ രൂപപ്പെടുത്തി നൽകിയ വിവരശേഖരണ ചോദ്യാവലിയിൽ കുടുംബത്തിന്റെ വീട്ടുപേര് ചേർക്കുന്നതിനുള്ള ഫീൽഡുകൾ ചേർത്തിരുന്നില്ല. നിർബന്ധപൂർവ്വം |

| | | | |
|---|---|---|---|
| | | | സംസ്ഥാനസർക്കാർ ആവശ്യപ്പെട്ട തിനാൽ വാർഡ് നമ്പരും, വീട്ടു നമ്പരും കൂടി ശേഖരിക്കാനുള്ള അധിക ഫീൽഡുകൾ മാത്രമേ അനുവദിച്ചിരുന്നുള്ളു. വീട്ട് പേര് ഇല്ലാത്തതിനാൽ ലിസ്റ്റിൽ നിന്നും പേര് കണ്ടുപിടിക്കാൻ താമസം നേരിടുന്ന കാര്യവും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>സർക്കാർ വിജ്ഞാപനപ്രകാരം 21 ദിവസമാണ് പരാതി സ്വീകരിക്കുന്നതിന് നൽകിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞതുപോലുള്ള പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനുള്ള കാലയളവ് 43 ദിവസമായി ഉയർത്തി സർക്കാർ വിജ്ഞാപനം ചെയ്യുന്നതാണ്. ഇതു പ്രകാരം 2014 ജൂൺ 30 വരെ ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ